**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1265** **19-06-2024 - ൽ മറുപടിയ്ക്ക്**

**മേലാറ്റൂർ - പുലാമന്തോൾ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ മേലാറ്റൂർ - പുലാമന്തോൾ റോഡിന്റെ നിർമ്മാണ പ്രവൃത്തി മൂന്നു വർഷം പിന്നിട്ടിട്ടും പൂർത്തീകരിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയ പെരുമ്പിലാവ് - നിലമ്പൂർ റോഡിന്റെ ഭാഗമായ പുലാമന്തോൾ മേലാറ്റൂർ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ 20.02.2021-ൽ ആരംഭിച്ചു. 144 കോടി അടങ്കൽ തുക വരുന്ന പ്രവൃത്തിയുടെ 50% പ്രവൃത്തികൾ ഇതുവരെ പൂർത്തിയാക്കിയിട്ടുണ്ട്. ഇലക്ട്രിക്കൽ യൂട്ടിലിറ്റി ഷിഫ്റ്റിംഗ്, വാട്ടർ യൂട്ടിലിറ്റി ഷിഫ്റ്റിംഗ്, Change of Scope തുടങ്ങിയ പ്രവർത്തികളിൽ കരാറുകാരൻ വരുത്തിയ കാലതാമസവും പരിജ്ഞാനമുള്ള തൊഴിലാളികളുടെയും ആവശ്യമായ യന്ത്രങ്ങളുടെയും അഭാവവും പ്രവൃത്തിയുടെ നിർമ്മാണ പുരോഗതിയെ കാര്യമായി ബാധിച്ചു. |
| (ബി) | പ്രസ്തുത റോഡ് നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (ബി) | നിലവിൽ ഈ പ്രവൃത്തി 50 ശതമാനം പുരോഗതി കൈവരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത കമ്പനിയുമായുള്ള കരാർ റദ്ദാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത് M/s. KMC Constructions എന്ന കമ്പനിയാണ്. ഈ കരാർ റദ്ദാക്കിയിട്ടില്ല. |
| (ഡി) | പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുവാൻ വേണ്ട കാലയളവ് അറിയിക്കാമോ? | (ഡി) | പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി നൽകിയ കാലാവധി 31.12.2023-ൽ അവസാനിച്ചിരുന്നു. തുടർന്ന് പ്രവൃത്തി പൂർത്തിയാക്കുവാനുള്ള കാലാവധി 31.12.2024 വരെ ദീർഘിപ്പിച്ചു നൽകുവാനായി കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. നിലവിൽ കരാറുകാരന്റെ ഭാഗത്ത് നിന്നുള്ള നിർമ്മാണ പുരോഗതി വിലയിരുത്തിയശേഷം കാലാവധി നീട്ടി നൽകണമോ വേണ്ടയോ എന്നുള്ള തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ